# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.KLM P6/1277/21 dt 12/11/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/01/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.KLM P6/1277/21 dt 12/11/21 തീയ്യതി: 19/01/2022

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിജി വർഗ്ഗീസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.മനു കെ.നായർ അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷീജ.ആർ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അനു കെ.ആനന്ദ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജേഷ് കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജി.രാധാകൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീ.സുരേഷ് കുമാർ എം | സെക്രട്ടറി(ഫുൾഅഡീഷണൽ ചാർജ്) | 22-07-2019 | 26-07-2019 |
| ശ്രീ.ഷാജു.പി.എ | സെക്രട്ടറി | 26-07-2019 | 28-10-2019 |
| ശ്രീമതി.എ.സയീദാ ബീഗം | സെക്രട്ടറി | 28-10-2019 | 31-03-2020 |
| ശ്രീ.സുരേഷ് കുമാർ | അസി.സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീ.റ്റി.ഡി.ഹരികുമാർ | അസി.സെക്രട്ടറി | 12-07-2019 | 03-01-2020 |
| ശ്രീ.റംഷാദ് എ | അസി.സെക്രട്ടറി | 03-01-2020 | 31-03-2020 |
| ശ്രീമതി.സുമാറാണി.പി | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനീഷ്യ.എസ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.രതി.റ്റി.ജെ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.രതീഷ് കുമാർ | വെറ്റിനറിസർജൻ | 01-04-2019 | 31-03-2020 |
| ഡോ.സുനിൽകുമാർ.ഡി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)) | 01-04-2019 | 31-03-2020 |
| ഡോ.ജാകചലിൻ.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം)) | 01-04-2019 | 31-03-2020 |
| ശ്രീമതി.ശുഭ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷെരീഫ്.റ്റി.എം | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശോഭന.ജി | എച്ച്.എം | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.പത്മജാദേവി.ആർ | ഡയറിഫാം ഇൻസ്‌ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ഷൈനി.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 02-11-2019 |
| ഡോ. ശ്രീന എസ് നായർ (ചാർജ്) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-11-2019 | 17-11-2019 |
| ഡോ. മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-11-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Biji Varghese (Audit Officer (HG), On 12-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Biji Varghese (Audit Officer (HG), On 12-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Manu K Nair (Asst. Audit Officer, On 11-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 1-4 |
| 6 | ലഭ്യമായ ഗ്രാന്റിൽ 1,59,97,921/- രൂപ ലാപ്സായി<br>Written By: Manu K Nair (Asst. Audit Officer, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-4-1 |
| 7 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകതകൾ<br>Written By: Manu K Nair (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-4-2 |
| 8 | പദ്ധതി അവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-6 |
| 10 | ക്ഷേമപെൻഷൻ<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-7 |
| 11 | സാമൂഹ്യസുരക്ഷാ പെൻഷൻ - സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-01-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-10 |
| 15 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വകുപ്പ് വിഹിതം ലഭ്യമാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021) | 1-11 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 19-01-2022) | |
| 16 | ആശ്രയ പ്രോജക്ട് - വീട് പണി പൂർത്തികരിച്ചില്ല.<br>Written By: Manu K Nair (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-12 |
| 17 | ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കി തുക തിരിച്ചടവാക്കണം.<br>Written By: Judith Varghese (Senior Grade Auditor, On 15-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 1-13 |
| 18 | ABC പ്രോജക്ട് - വാഹനം വാടകയ്ക്ക് എടുത്തത് ക്വട്ടേഷൻ വിളിക്കാതെ.<br>Written By: Manu K Nair (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-14 |
| 19 | വാടക ഈടാക്കിയിട്ടില്ല<br>Written By: Anu K.Anand (Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-15 |
| 20 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 1-16 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Santhosh N (Computer Assistant, On 15-11-2021) | 4-7 |
| 8 | സമാഹൃതഓഡിറ്റ് റിപ്പോർട്ട്<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: Santhosh N (Computer Assistant, On 15-11-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1

### 1-1 ബജറ്റ്

16/01/2019 തീയതിയിലെ I(1).തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24/3/20 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-20 | 9-06-20 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് മൂല്യം ഉൾപ്പെടുത്തി വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്റ്റോക്ക് ഇൻ ഹാൻഡ് പൂജ്യം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ആധികാരികമല്ല.

2) എ. ഇ ലഭ്യമാക്കിയ രേഖകൾ പ്രകാരം 19-20 വർഷം 6,69,133/- രൂപയുടെ പാർട്ട് ബില്ലുകൾ മാറിയിട്ടുണ്ട്. എന്നാൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് പൂജ്യമായാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.

3) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലോൺ ഇനത്തിലുള്ള വരവ്- ചെലവ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4) എം. എൻ. ആർ. ജി. എസ്സിന്റെ വരവ് – ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,21,88,248/-രൂപ |
| വരവ് | 7,69,12,472/-രൂപ |
| ആകെ | 9,91,00,720/-രൂപ |
| ചെലവ് | 7,10,41,419/-രൂപ |
| നീക്കിയിരിപ്പ് | 2,80,59,301/-രൂപ |
| വരവ് നഷ്ടം | 0 |
| നിരാകരിച്ച തുക | - |
| തടസപ്പെടുത്തിയ തുക | 9,15,268/-രൂപ |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | കുറിപ്പ് ക്യൂ ബിൽ തുക (രൂപ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14276721/- | 14276721/- | 12659293/- | 1617428/- | 1073538/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6397001/- | 6397001/- | 5236588/- | 1160413/- | 1095000/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 297000/- | 297000/- | 0 | 297000/- | - |
| ധനകാര്യകമ്മിഷൻ ഗ്രാന്റ്( Untied) | 0 | 10914691/- | 10914691/- | 5222988/- | 5691703/- | 1765905/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4196000/- | 4196000/- | 2780395/- | 1415605/- | - |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 9809000/- | 9809000/- | 3725928/- | 6083072/- | 1520173/- |
| സംസ്ഥാനവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വമിഷൻ | 747002/- | 0 | 747002/- | 631425/- | 115577/- | - |
| കേരളോൽസവം | - | 20000/- | 20000/- | 20000/- | - | - |
| സാക്ഷരത | 535/- | 0 | 535/- | - | 535/- | - |
| ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | - | 7500000/- | 7500000/- | 7500000/- | - | |
| വിമുക്തി | 32500/- | 0 | 32500/- | 32500/- | - | |
| ആശ്രയപ്രോജക്റ്റ് | 0 | 966774/- | 966774/- | 966774/- | | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 3010927/- | 1130656/- | 4141583/- | 785226/- | 3356357/- | - |
| MGNREGS | 14483/- | 32782516/- | 32796999/- | 32469582/- | 327417/- | - |
| സമ്പൂർണശുചിത്വം | 922803/- | 1010032/- | 1932835/- | 976922/- | 955913/- | - |

1-4-1 ലഭ്യമായ ഗ്രാന്റിൽ 1,59,97,921/- രൂപ ലാപ്സായി

| ഗ്രാന്റ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|
| വികസനഫണ്ട് (ജനറൽ) | 16,17,428/- |
| വികസനഫണ്ട് (എസ്.സി.പി) | 11,60,413/- |
| വികസനഫണ്ട് ( ടി.എസ്.പി) | 29,700/- |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് (Untied) | 56,91,703/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 14,15,605/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 60,83,072/- |
| ആകെ | 1,59,97,921/- |

1-4-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകതകൾ

1) സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവയുടെ ഇനം തിരിച്ചുള്ള വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമല്ല. ആയതിനാൽ വാർഷിക കണക്കുകളുമായുള്ള വ്യത്യാസം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) വികസനഫണ്ട് ജനറൽ, എസ്.സി.പി. വരവ് തുകയോടൊപ്പം ജി.ഒ. പ്രോജക്ട് തുക കൂട്ടിയിട്ടില്ല. എന്നാൽ ചെലവിനോടൊപ്പം ജി.ഒ. പ്രോജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പെട്ട തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3) മെയിന്റനൻസ് ഫണ്ട് നോൺറോഡ് ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 15,79,669/-രൂപയാണ്. എന്നാൽ എ.സി.ആർ. പ്രകാരം 27,80,395/-രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 5,11,08,305/- | 83 | 2,84,24,466/- | 13 | 73 | 49% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14,483/- | 17,31,516/- | 17,45,999/- | 14,18,582/- | 3,27,417/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 3,10,51,000/- | - | 3,10,51,000/- | ഇല്ല |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,48,920/- | 173 |
| കർഷകതൊഴിലാളി പെൻഷൻ | 23,68,800/- | 421 |
| വിധവാപെൻഷൻ | 60,45,600/- | 1094 |
| വാർദ്ധക്യകാലപെൻഷൻ | 1,17,43,200/- | 2220 |
| വികലാംഗപെൻഷൻ | 21,90,500/- | 394 |
| 50 വയസിനു മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2,56,200/- | 47 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000/- | 3 |

1-7-1 സാമൂഹ്യസുരക്ഷാ പെൻഷൻ - സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ഓച്ചിറ ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ല. നിലവിൽ സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്തവരുടെ ലിസ്റ്റ് പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. മരണപ്പെട്ടത്, മറ്റുരീതിയിൽ അനർഹരാകുന്നത് എന്നുള്ളതിന്റെ തീയതികൾ വ്യക്തമാകാത്ത സാഹചര്യത്തിൽ സസ്പെന്റ് ചെയ്യുന്നതുവരെ പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. സസ്പെന്റ് ചെയ്യുന്നവരുടെ ഫയൽ തയ്യാറാക്കേണ്ടതും അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ് .

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2/09/2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65,912/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമല്ല. മരാമത്ത്പ്രവൃത്തികളിൽ കൃത്യമായ ആസൂത്രണം ആവശ്യമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/2/21 – 24/2/21 | 4/20 - 12/20 | 5/7/21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/11/2019 | 2018-19 | 6/12/2019 |

1-11 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-വകുപ്പ് വിഹിതം ലഭ്യമാക്കിയില്ല

പ്രോജക്ട് നം-74

പൊതുവിഭാഗം – സാധാരണ വിഹിതം -അടങ്കൽ തുക – 5,00,000/-രൂപ.

ചെലവഴിച്ച തുക- 5,00,000/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ : ഡയറിഫാം ഇൻസ്ട്രക്ടർ.

ബിൽ നം. : (1) 1/19-20/24-10-19 = 1,37,748/-രൂപ.

(2) 2/18/1/20 =1,03,317/-രൂപ.

(3) 3/16/12/20 =73,656/-രൂപ.

4) 4/26/2/20=61,544/-രൂപ.

5) 5/26/2/20=98,764/-രൂപ.

6) 6/26/2/20=24,971/-രൂപ.

7) 7/20/3/20=83,649/-രൂപ.

8) 8/20/3/20=63,723/-രൂപ.

9) 9/20/3/20=52,628/-രൂപ.

10) 10/20/3/20=32,746/-രൂപ.

11) 11/20/3/20=47,329/-രൂപ.

12) 12/20/3/20=47,561/-രൂപ.

13) 13/20/3/20=48,367/-രൂപ.

14) 14/20/3/20=35,167/-രൂപ.

15) 15/20/3/20=43,589/-രൂപ.

16) 16/20/3/20=47,757/-രൂപ.

17) 17/20/3/20=47,484/-രൂപ.

ജില്ലാപഞ്ചായത്ത് വിഹിതം- അടങ്കൽ – 5,50,000/-രൂപ.

ചെലവഴിച്ച തുക- 5,50,000/-രൂപ.

ആകെ അടങ്കൽ : 10,50,000/-രൂപ.

ആകെ ചെലവഴിച്ച തുക : 10,50,000/-രൂപ.

ഡയറിഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ "ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി" എന്ന പ്രോജക്ടിൽപ്പെടുത്തി വിവിധ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കായി 2019-20 വർഷം 10,50,000/-രൂപ നൽകിയിട്ടുണ്ട്. 14.2.2018- ലെ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ. നം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ നാല് രൂപ നിരക്കിൽ സബ്സിഡി നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 7/20, 8/20, 9/20 എന്നീ മാസങ്ങളിൽ മുഴുവൻ സബ്സിഡിയും വികസനഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. ക്ഷീരവികസന വകുപ്പിൽ നിന്ന് ഒരു രൂപ നിരക്കിൽ നൽകേണ്ട സബ്സിഡി വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുതമാസങ്ങളിൽ ക്ഷീരവികസനവകുപ്പിൽ നിന്നും സബ്സിഡി ലഭിച്ചില്ല എന്നും ആയതിനാലാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ക്ഷീരവികസനവകുപ്പിൽ നിന്നും ഫണ്ട് ലഭ്യത ഉറപ്പാക്കി

വരും വർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപന ഫണ്ടിൽ നിന്ന് സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച തുക ക്ഷീര വികസന വകുപ്പിൽ നിന്ന് ലഭ്യമാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-3 തീയതി-10/9/21.

1-12 ആശ്രയ പ്രോജക്ട് - വീട് പണി പൂർത്തികരിച്ചില്ല.

പ്രോജക്ട് നം. - 89 / 20.
ബിൽ നം. 9/20.02.2020, 40,000/- രൂപ.
വികസന ഫണ്ട് 4 ലക്ഷം രൂപ.
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.
4 ലക്ഷം രൂപ വകയിരുത്തിയ ആശ്രയ പ്രോജക്ടിൽ ആകെ 40,000/- രൂപ മാത്രമാണ് ചെലവഴിച്ചത്. ശ്രീമതി. രാധ. കെ, തെക്കടത്ത് വടക്കേക്കര, ചങ്ങൻകുളങ്ങര, ഓച്ചിറ എന്ന മേൽവിലാസത്തിലുള്ള ആശ്രയ ഗുണഭോക്താവിന് വീട് വെയ്ക്കുന്നതിനായി ആദ്യ ഗഡുവായ 40,000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി പ്രോജക്ട് (181/21) വെച്ചിരുന്നുവെങ്കിലും (3,60,000/-രൂപ) തുക ചെലവഴിച്ചിട്ടില്ല.
40,000/-രൂപ നൽകിയതിന് ശേഷം ടി. വ്യക്തി വീട് പണി പൂർത്തികരിക്കാത്തതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തതിനാൽ ആശ്രയ ഗുണഭോക്താവിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി കൊണ്ടുള്ള കമ്മറ്റി തീരുമാനം (14/1/19.01.2021) ഹാജരാക്കിയിട്ടുണ്ട്.
ആശ്രയ ഗുണഭോക്താവിന്റെ വീട് പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. വീട് പണി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി 40,000/-രൂപ തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 1/6.09.21.
തടസ്സത്തിൽ വെയ്ക്കുന്ന തുക : 40,000/-രൂപ.

1-13 ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കി തുക തിരിച്ചടവാക്കണം.

വൗച്ചർ നം-21900119 Dtd 9/5/19, തുക – 2,55,000/-രൂപ, ചെക്ക് നം – 2046626 Dtd 9/5/19.

മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർക്ക് 17 വാർഡുകളിലേക്കായി 15,000/-രൂപ വീതം 2,55,000/-രൂപ നൽകിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്ന് 15,000/-രൂപ വീതം മഴക്കാലപൂർവ ശുചീകരണത്തിനായി ചിലവഴിച്ചിട്ടുണ്ട്. ശുചിത്വമിഷൻ വിഹിതമായി 10,000/-രൂപയാണ് ചിലവഴിക്കാൻ അനുവദനീയം. പ്രസ്തുത തുക തനതുഫണ്ടിൽ നിന്ന് ചിലവഴിച്ചതിനാൽ ശുചിത്വമിഷനിൽനിന്ന് ഫണ്ട് വിഹിതം ലഭ്യമാക്കി തുക റീക്കപ്പ് ചെയ്യേണ്ടതാണ്.

1-14 ABC പ്രോജക്ട് - വാഹനം വാടകയ്ക്ക് എടുത്തത് ക്വട്ടേഷൻ വിളിക്കാതെ.

പ്രാജക്ട് നം. - 27/20.
അടങ്കൽ – 1,60,000/-രൂപ (വികസനഫണ്ട് ജനറൽ).
വികസനഫണ്ട്- 1,33,310/-രൂപ.
ബിൽ നം. 3/23.02.20 : 99,600/-രൂപ.
: 4/24.02.20 : 33,710/-രൂപ.
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

ABC പ്രോജക്ടുകൾക്കായി നായ്ക്കളെ കൊണ്ടുവരാനും പോകാനുമായി വാഹനം വാടകയ്ക്ക് എടുത്തത് ക്വട്ടേഷൻ ഇല്ലാതെ. ABC പ്രോജക്ടുകൾക്കായി നായ്ക്കളെ കൊണ്ടുവരാനും പോകാനുമായി Tata Acer KL 29 B2105 എന്ന വാഹനം ഉപയോഗിച്ചതിന് ടി വാഹനത്തിന്റെ ഡ്രൈവർ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിലെ കിലോമീറ്ററിന് 30/- രൂപ പ്രകാരം ആകെ 30,360/-രൂപയാണ് നൽകിയിട്ടുള്ളത്. ക്വട്ടേഷൻ വിളിക്കാതെ വാഹനവാടക നിശ്ചയിച്ച് നൽകിയതിന്റെ വിശദീകരണം കമ്മറ്റി തീരുമാനം ഉൾപ്പടെ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മറുപടി ലഭ്യമാക്കുന്നത് വരെ 30,360/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി നം.7/13.09.21.
തടസ്സത്തിൽ വെയ്ക്കുന്ന തുക: 30,360/-രൂപ.

1-15 വാടക ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 17-ാം നമ്പർ മുറിയുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കാലയളവ് | മാസ വാടക (₹) | അടവാക്കാനുള്ള തുക (₹) |
|---|---|---|---|
| ശ്രീ.റഷീദ്, കൊച്ചുവീട്ടിൽ, പ്രയാർ തെക്ക് | 09/19 മുതൽ 03/20 വരെ | 1,697/- | 11,897/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടിയാനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കാൻ റിക്വിസിഷൻ നൽകിയിട്ടുണ്ട് എന്നറിയിച്ചു. റവന്യൂ റിക്കവറി നടപടിയുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 4 തീയതി- 09/09/21.

1-16 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി 2019-20 സാമ്പത്തിക വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ഫണ്ടിനം | തുക (₹) | ബിൽ നമ്പർ, തീ | റിമാർക്സ് |
|---|---|---|---|---|---|
| 1 | എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ 1/19-20 | വികസനഫണ്ട് (ജനറൽ) | 5,00,000/- | 11/19-20, 21-08-19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| 2 | ഐ.കെ.എം. ന പ്രവർത്തന ഫണ്ട് നൽകൽ 2/19-20 | വികസനഫണ്ട് (ജനറൽ) | 79,708/- | 12/19-20, 21.08.19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 3 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വാർഡ് 13 107/19-20 | ധനകാര്യ കമ്മീഷൻ അവാർഡ് | 2,50,000/- | 9/19-20, 21.08.19 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 4 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | ധനകാര്യ കമ്മീഷൻ അവാർഡ് | 15,200/- | 10/19-20, 21.08.19 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | ആകെ | | 8,44,908/- | | |

രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 8,44,908/-രൂപ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 8,44,908/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 13/9/21, 14/9/21 | കെ.എസ്.എ.കെ.എൽ.എം.പി |

### 4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,00,000/- | അനുപൂരക പോഷകാഹാര പദ്ധതി | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 13,19,980/- | ലൈഫ് പാർപ്പിട പദ്ധതി | 13,19,980/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4,87,908/- | ലൈഫ്- പാർപ്പിട പദ്ധതി എസ്.സി.പി | 2,58,248/- | 2,29,660/- |
| ആകെ | | 20,07,888/- | | 17,78,228/- | 2,29,660/- |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,35,000/- | അനുപൂരക പോഷകാഹാര പദ്ധതി | 1,35,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,55,100/- | ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,55,100/- | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 5,50,000/- | പാലിന് സബ്സിഡി പ്രോജക്ട് | 5,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 10,60,020/- | ലൈഫ് പാർപ്പിട പദ്ധതി | 10,60,020/- | 0 |
| ആകെ | | 19,00,120/- | | 19,00,120/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 9/19-20 തീയതി- 21/8/19 | 2,50,000/- | 2,50,000/- | 0 |
| കേരള വാട്ടർ അതോറിട്ടി | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 10/19-20 തീയതി- 21/8/19 | 15,200/- | 15,200/- | 0 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | - | 1,00,000/- | 0 | 1,00,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 73,80,000/-രൂപ വരവുണ്ട്. മുൻബാക്കി 0/-രൂപയടക്കം 73,80,000/-രൂപയിൽ 52,60,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്സ്)68/ 2018/LSGD Dtd 18/5/18 | 2,09,97,486/- | 1,36,17,486/- | 13,08,824/- | | 1,96,88,662/- |

4-6 സ്ഥിരനിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃതഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3-12-1 | എഫ്.റ്റി.എസ്. സൂപ്പറാനുവേഷനു ശേഷം സർവീസിൽ തുടർന്നു | പരാമർശം നിലനിൽക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 40,000/- | ശ്രീ.റംഷാദ്.എ (അസി. സെക്രട്ടറി) |
| 1-14 | 30,360/- | ശ്രീ.രതീഷ് കുമാർ (വെറ്റിനറി സർജൻ) |
| 1-16 | 8,44,908/- | ശ്രീ. ഷാജു.പി.എ. (സെക്രട്ടറി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റംഷാദ്(അസി.സെക്രട്ടറി) | അസി.സെക്രട്ടറി<br>ഓച്ചിറ ഗ്രാമപഞ്ചായത്ത് | കുളപ്പറമ്പിൽ ഹൗസ്,<br>ഞാക്കനാൽ, ഓച്ചിറ പി.ഒ |
| ശ്രീ.രതീഷ് കുമാർ<br>(വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ<br>വെറ്റിനറി ഡിസ്പെൻസറി<br>ഓച്ചിറ ഗ്രാമപഞ്ചായത്ത് | രാഗസ്വരൂപ,<br>കല്ലേലിഭാഗം പി.ഒ,<br>കരുനാഗപ്പള്ളി |
| ശ്രീ. ഷാജു പി.എ (സെക്രട്ടറി) | സെക്രട്ടറി<br>തുമ്പമൺ ഗ്രാമപഞ്ചായത്ത് | പ്രതിഭാനിവാസ്,<br>ഈസ്റ്റ്കല്ലട പി.ഒ,<br>കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 7 |
| 1996-97 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2001-2002 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2002-2003 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 2 |

| | | |
|---|---|---|
| 2003-2004 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2004-05 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 4 |
| 2005-2006 | കെ.എസ്.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18 | 1 |
| 2007-2008 | കെ.എസ്.കെ.എൽ.എം.പി 8/722(1)/19 തീയതി. 29.05.2019 | 1 |
| 2008-2009 | കെ.എസ്.കെ.എൽ.എം.പി 8/722(2)/19 തീയതി. 29.05.2019 | 3 |
| 2009-2010 | കെ.എസ്.കെ.എൽ.എം.പി 8/722(3)/19 തീയതി. 29.05.2019 | 3 |
| 2010-2011<br>2011-2012 | കെ.എസ്.കെ.എൽ.എം.പി 8/722(4)/19 തീയതി. 29.05.2019 | തീർപ്പാക്കിയിട്ടുണ്ട്. |
| 2012-2013 | എൽ.എഫ്.ക്യൂ. പി2 -878/14തീയതി. 16.02.15 | 6 |
| 2013-2014<br>2014-2015 | കെ.എസ്.എ.കെ.എൽ.എം-2/2241 /15/26.12.2015 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-2/1840/16;05.01.2017 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14 /3/19--28/319 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം-പി8/1034/2019 തീയതി 22.05.2020 | 11 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്